**B** **302**

# സമഗ്ര ശിക്ഷ, കേരളം
# വാർഷിക മൂല്യനിർണയം 2018-19

ക്ലാസ് - 3

## മലയാളം

സമയം: 2 മണിക്കൂർ

കുട്ടിയുടെ പേര്.........................................

വിദ്യാലയത്തിന്റെ പേര്.........................................

ഡിവിഷൻ.........................................

അധ്യാപകന്റെ ഒപ്പ്.........................................

രക്ഷിതാവിന്റെ ഒപ്പ്.........................................

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | ഉത്തരമെഴുതാം | |
| 2 | സംഭാഷണമെഴുതാം | |
| 3 | കവിത പൂർത്തിയാക്കാം | |
| 4 | കത്തെഴുതാം | |
| 5 | ഡയറിക്കുറിപ്പ് തയാറാക്കാം | |
| 6 | കുറിപ്പെഴുതാം | |
| ഓവറോൾ ഗ്രേഡ് | | |

1. താഴെ കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം. രണ്ടു മുതൽ ആറു വരെ പ്രവർത്തനങ്ങളിൽ നാലു പ്രവർത്തനങ്ങൾക്കു മാത്രം ഉത്തരം എഴുതിയാൽ മതി.
2. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുൻപ് പതിനഞ്ച് മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസിലാക്കാനുള്ളതാണ്.

### പ്രവർത്തനം 1 - ഉത്തരമെഴുതാം.

കഥ വായിച്ച് ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

ആമിനയും ശാലുവും ഉച്ചയൂണ് കഴിഞ്ഞ് പുറത്തിറങ്ങി. സ്കൂളിന്റെ അടുക്കളയിൽ അവർ ഒരു സാധനം ഒളിപ്പിച്ചുവെച്ചിട്ടുണ്ട്. അവർ എന്നും അതെടുത്ത് നോക്കും. ഇന്നും അതിനാണ് പോകുന്നത്.

അടുക്കളവരാന്തയിലെ ജനലിന്റെ പൊത്തിൽനിന്ന് ആമിന അതെടുത്തു. ഒരു മത്തൻ കുരു. ഉള്ളംകൈയിൽ വെച്ച് ആമിന കുരുവിനെ ശാലുവിന് കാട്ടിക്കൊടുത്തു. ശാലുവിന് കൗതുകം . അവൾ തിരിച്ചും മറിച്ചും നോക്കി.

ഒറ്റത്തട്ട്. ശങ്കരൻ ഓടിപ്പോയി. കുരുത്തം കെട്ടവൻ. ആ കുരു തെറിച്ചുപോയി. ആമിന കരഞ്ഞു വിളിച്ചു. "മത്തൻകുരുവേ നീ എവിടെയാണ്?" അവൾ ചുറ്റും നോക്കി. ഒരിടത്തും കണ്ടില്ല.

ദിവസങ്ങൾ കടന്നുപോയി. ഒരു ദിവസം ആമിന വെള്ളം കുടിക്കാൻ അടുക്കളയിൽ വന്നപ്പോൾ ആരോ അവളെ വിളിക്കുന്നു. അവൾ ചുറ്റും തിരഞ്ഞു. ആരെയും കണ്ടില്ല. മുറ്റത്തിറങ്ങി നടന്നു. അതാ കൈകളുയർത്തി നിൽക്കുന്നു മത്തൻവള്ളികൾ. "ആമിനേ, ഇത് ഞാനാ, നീ ലാളിച്ച മത്തൻകുരു. നിനക്ക് ഞാനൊരു സമ്മാനം തരാം. ദാ പിടിച്ചോ, ഇവനെ, എന്റെ മത്തൻകുട്ടനെ". സ്നേഹസമ്മാനമായി ഒരു മുഴുത്ത മത്തൻ ആമിനയ്ക്ക് കൊടുത്ത് ആ മത്തൻവള്ളികൾ ചിരിച്ചു.

1. സ്കൂളിന്റെ അടുക്കളയിൽ ആമിനയും ശാലുവും ഒളിപ്പിച്ചു വെച്ചിരുന്നതെന്ത്?

എ) മത്തൻകുരു

ബി) മത്തങ്ങ

സി) കുമ്പളങ്ങ

ഡി) മത്തൻവള്ളി

2. ആമിന വെള്ളം കുടിക്കാൻ വന്നപ്പോൾ ആരോ അവളെ വിളിച്ചു. ആരാണ് ആമിനയെ വിളിച്ചത്?

എ) ശങ്കരൻ

ബി) ശാലു

സി) മത്തൻവള്ളി

ഡി) അമ്മ

3. തെറിച്ചുപോയ മത്തൻകുരുവിന് എന്തു സംഭവിച്ചു?

എ) അടുപ്പിൽ വീണു.

ബി) മുളച്ച് ചെടിയായി വളർന്നു.

സി) കിളി കൊണ്ടുപോയി.

ഡി) വെള്ളത്തിൽ ഒലിച്ചുപോയി.

4. സ്നേഹസമ്മാനമായി ആമിനയ്ക്ക് ഒരു മുഴുത്തമത്തൻ ലഭിക്കാനിടയായതെന്തുകൊണ്ട്?

എ) മത്തൻകുരു അടുക്കളയിൽ ഒളിപ്പിച്ചുവെച്ചതുകൊണ്ട്.

ബി) ആമിനയും ശാലുവും ഉച്ചഭക്ഷണം കഴിച്ചതുകൊണ്ട്.

സി) മത്തൻകുരുവിനെ ലാളിച്ചതുകൊണ്ട്.

ഡി) മത്തൻകുരു മണ്ണിൽ വീണു മുളച്ചതുകൊണ്ട്.

5. ശങ്കരൻ വികൃതിക്കുട്ടിയാണെന്ന് സൂചിപ്പിക്കുന്ന പദമേത് ?

എ) കുരുത്തം കെട്ടവൻ

ബി) കുസൃതിക്കുട്ടൻ

സി) മത്തൻവള്ളി

ഡി) മത്തൻകുരു

**പ്രവർത്തനം 2 - സംഭാഷണമെഴുതാം**

പുതിയ ടെലിവിഷൻ വാങ്ങിയ സന്തോഷത്തിലാണ് മനുവും വീട്ടുകാരും.എല്ലാവരും ടെലിവിഷൻ കാണുകയാണ്. പെട്ടെന്നാണ് മനു മൂലയിലിരിക്കുന്ന പാവം റേഡിയോയെ ശ്രദ്ധിച്ചത്. അവൻ റേഡിയോയുടെ അടുത്തെത്തി. മനുവും റേഡിയോയും തമ്മിലുള്ള സംഭാഷണം എഴുതൂ.

മനു : ........................................................................

റേഡിയോ : ........................................................................

........................................................................

........................................................................

........................................................................

..........................................................................................................................................

..........................................................................................................................................

..........................................................................................................................................

..........................................................................................................................................

..........................................................................................................................................

### പ്രവർത്തനം 3 - കവിത പൂർത്തിയാക്കാം

കുന്നിപ്പുഴയുടെ തീരത്തെ കാഴ്ചകളാണ് ഈ കവിതയുടെ തുടക്കം. കവിത വായിച്ച് കൂടുതൽ വരികൾ കൂട്ടിച്ചേർക്കൂ. ഉചിതമായ തലക്കെട്ട് നൽകണം.

കുന്നിപ്പുഴയുടെ തീരത്ത്
പച്ചവിരിച്ചൊരു പാടത്ത്
മഞ്ഞത്തുമ്പികൾ പാറുന്നു
അഴകായ് പൂക്കൾ ചിരിക്കുന്നു.

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

..........................................................................................................

### പ്രവർത്തനം 4 - കത്തെഴുതാം

പെരിയപ്പുറം സ്കൂളിലെ കുട്ടികൾ പഠനോത്സവത്തിന്റെ ഭാഗമായി അവതരിപ്പിച്ച പ്രവർത്തനങ്ങൾ രക്ഷിതാക്കളുടെയും നാട്ടുകാരുടെയും ശ്രദ്ധയാകർഷിച്ചു. അവർ നടത്തിയ പരിപാടികൾ ആകാശവാണിയിലെ 'ബാലലോകം' പരിപാടിയിലും അവതരിപ്പിച്ചു. നിങ്ങളുടെ സ്കൂളിലും പഠനോത്സവത്തിന്റെ ഭാഗമായി വിവിധ പരിപാടികൾ നടത്തിയിട്ടുണ്ടാകുമല്ലോ? ആകാശവാണിയിൽ അവതരിപ്പിക്കുന്നതിനുവേണ്ടി അനുവാദം ചോദിച്ചുകൊണ്ട് ഒരു കത്തു തയാറാക്കൂ.

**പ്രവർത്തനം 5 – ഡയറിക്കുറിപ്പ് തയാറാക്കാം**

"കുഞ്ഞുങ്ങളേ ഈ തോട്ടം നിങ്ങളുടേതാണ്. നിങ്ങളുടേതുമാത്രം." അയാൾ അവരോടൊപ്പം കൈകോർത്ത് നൃത്തം ചെയ്തു. അന്നു തന്നെ ആ വലിയ മതിൽ അയാൾ പൊളിച്ചുമാറ്റി.

'വസന്തം വന്നപ്പോൾ' എന്ന പാഠഭാഗത്തിലെ തോട്ടമുടമയുടെ സന്തോഷം കണ്ടല്ലോ? ആ ദിവസത്തിന്റെ പ്രത്യേകതകൾ അദ്ദേഹം തന്റെ ഡയറിയിൽ കുറിച്ചിട്ടു. അതെന്തൊക്കെയാണെന്ന് എഴുതൂ.

**പ്രവർത്തനം 6 . കുറിപ്പെഴുതാം**

ചുവടെ കൊടുത്തിരിക്കുന്ന ചിത്രം ആരുടേതാണെന്നറിയുമല്ലോ? തന്നിരിക്കുന്ന വിവരങ്ങൾ കൂടി ചേർത്ത് ഒരു കുറിപ്പ് തയാറാക്കൂ.

